# സിറ്റിസൺ അസിസ്റ്റൻസ് – ജില്ലാതല അദാലത്ത് സമിതിയുടെ യോഗം 07/06/2023 തീയതി 02.00 p.m. ന് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേംബറിൽ വെച്ച് ചേർന്നതിന്റെ ഹാജരും തീരുമാനങ്ങളും

ഹാജർ:-

1. അരുൺ രംഗൻ, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. രാജീവ് കെ. ആർ., ജില്ലാ ടൗൺ പ്ലാനർ
3. ജോജി പോൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്
4. വിധു എ. മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ
5. സുനില വി. ജി., അസിസ്റ്റന്റ് സെക്രട്ടറി, കോലഴി ഗ്രാമപഞ്ചായത്ത്
6. കെ. എസ്. ശോഭിനി, സെക്രട്ടറി-ഇൻ-ചാർജ്ജ്, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്
7. പോൾ ജോസ് കാട്ടൂക്കാരൻ
8. സിസ്റ്റർ റോസ് എലിസബത്ത്

**തീരുമാനം :-1**

ശ്രീ പോൾ ജോസ് കാട്ടൂക്കാരൻ (കോലഴി ഗ്രാമപഞ്ചായത്ത്) എന്നവരുടെ പരാതി **(Docket No. BPTCR10740000001)** പരിശോധിച്ചു. നിലവിൽ ചീഫ് ടൗൺ പ്ലാനറുടെ ലേഔട്ട് അംഗീകാരം ലഭിച്ചതിൽ നിന്ന് യാതൊരു വ്യതിയാനവും വരുത്താതിരിക്കുകയും, മുഖ്യ നഗരാസൂത്രകൻ നിഷ്കർഷിച്ച മുഴുവൻ നിബന്ധനകളും പാലിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ, നിലവിലുള്ള എല്ലാ പ്ലോട്ട് ഉടമകളും സംയുക്തമായി അപേക്ഷയും ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ഡെവലപ്മെന്റ് പെർമിറ്റ് പുതുക്കി നല്കുന്നതിന് കോലഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ലേ ഔട്ട് അംഗീകാരം നല്കിയതിൽ നിന്ന് മാറ്റം വരുത്തിയിട്ടുണ്ടോ എന്നത് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**തീരുമാനം:-2**

കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അസംപ്ഷൻ കോൺവെന്റിന്റെ പരാതി **(Docket No. CRTCR10722000001)** പരിശോധിച്ചു. കെട്ടിടനിർമ്മാണ ചട്ടം കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്തിന് ബാധകമാകുന്നതിന് മുമ്പാണ് 1431.3 ച.മീ. വരുന്ന പഴയ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുള്ളത് എന്ന് ആധികാരികമായി കെട്ടിടഉടമ തെളിയിക്കുന്ന പക്ഷം, ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പുതിയതായി പണി തീർത്ത സ്കൂൾ കെട്ടിടത്തിന് ഒക്യുപെൻസി നല്കി കെട്ടിടനമ്പർ അനുവദിക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം കൃത്യം 03.30 p.m. ന് അവസാനിച്ചു.

ചെയർമാൻ, ജില്ലാതല അദാലത്ത് സമിതി &
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്